

# ജനാധിപത്യത്തിന്റെ പരാജയം

**അഡ്വ. പി.എ പൗരൻ**
(പ്രസിഡന്റ്, പി.യു.സി.എൽ)

**ഇന്ത്യൻ** ജനാധിപത്യം പരാജയമാണെന്ന് പറയാവുന്ന സംഭവങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ബാബരി മസ്ജിദിന്റെ തകർച്ചക്ക് കാരണക്കാരായവർക്ക് ഒരു ശിക്ഷയും ലഭിക്കുകയുണ്ടായില്ല. അവരിൽ ചിലർ അടുത്ത പ്രധാനമന്ത്രി സ്ഥാനത്തേക്ക് കുപ്പായവും തുന്നി ഇരിക്കുകയാണ്. അതിനെ തുടർന്നുണ്ടായ കലാപത്തിൽ ആയിരങ്ങളെ കൊന്നൊടുക്കുകയും കോടികളുടെ നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്ത നേതാക്കളെ ഒരു ദിവസം പോലും ജയിലിലടക്കാൻ കഴിഞ്ഞില്ല. ഗുജറാത്തിൽ നൂറുകണക്കിനാളുകളെ കശാപ്പുചെയ്യാൻ നേതൃത്വം കൊടുത്തയാൾ തന്നെ വീണ്ടും മുഖ്യമന്ത്രിയായിരിക്കുന്നു. അയാളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനോ ഒരു ദിവസമെങ്കിലും ശിക്ഷിക്കാനോ നമുക്ക് കഴിഞ്ഞില്ല. ഇത് ഇന്ത്യൻ ജനാധിപത്യത്തിന്റെ പരാജയമാണ്.

ജാമ്യം ലഭിക്കുകയെന്നത് പ്രതികളുടെ അവകാശമാണ്. ജയിൽ ശിക്ഷയെന്നത് അപവാദവും. ഇതാണ് ക്രിമിനൽ ജൂറിസ്പ്രൂഡൻസ്. എന്നാൽ മാറാടിന്റെ വിഷയത്തിൽ ഇത് തലതിരിഞ്ഞിരിക്കുന്നു. ഇത് ഒരു വിധത്തിലും സംഭവിക്കാൻ പാടില്ലാത്തതാണ്. 'മാറാട്' ഒരു മുസ്‌ലിം പ്രശ്നമേ അല്ല. ഇന്ത്യയിലെ ഒരു വലിയ മനുഷ്യാവകാശ പ്രശ്നമാണ്.

സെപ്റ്റംബർ പതിനൊന്ന് സംഭവത്തിനു ശേഷം അമേരിക്ക പറയുന്നത്, ഒന്നുകിൽ ഞങ്ങളുടെ പക്ഷത്ത് അല്ലെങ്കിൽ ഞങ്ങളുടെ ശത്രുക്കളുടെ പക്ഷത്ത് നിൽക്കുക എന്നാണ്. ഇന്ത്യയും ഇതിന് കീഴ്പെട്ടിരിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. നമ്മുടെ പോലീസിനെ അമേരിക്കൻ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ സംവിധാനത്തിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ വരെ നടക്കുന്നുണ്ട്.

ഇന്ത്യൻ ജയിലുകളിൽ അടക്കപ്പെട്ട 'കുറ്റവാളികളുടെ' കണക്ക് പരിശോധിച്ചാൽ നമ്മെ ഞെട്ടിക്കുന്ന ഒരു കാര്യമുണ്ട്. ജയിലുകൾ നിറക്കപ്പെട്ടത് 70 ശതമാനവും ദലിതരെ കൊണ്ടാണ്. ഇന്ന് മുസ്‌ലിംകളും വേട്ടയാടപ്പെടുകയാണ്. ഇന്ത്യയിൽ ഐ.ടി രംഗത്ത് പ്രവർത്തിക്കുന്ന മുസ്‌ലിംകളെ പിടികൂടുന്നത് യു.എസ് നിർദേശമനുസരിച്ചാണ്.

ലോകത്ത് വികസിച്ചു വരുന്ന പുതിയ മേഖലയാണ് ഐ.ടി. ഈ രംഗത്ത് മുസ്‌ലിംകൾ വളരുകയും കഴിവു നേടുകയും ചെയ്താൽ അത് അമേരിക്കൻ താൽപര്യങ്ങൾക്ക് അപകടമാണ് എന്ന തിരിച്ചറിവാണ് ഇതിനു കാരണം. അങ്ങനെ യു.എസ് മുസ്‌ലിംകളെ വേട്ടയാടാൻ തുടങ്ങി. അതിന്റെ ആവർത്തനമാണ് ഇന്ത്യയിൽ നടക്കുന്നത്. ■

# നിരപരാധികളെ പീഡിപ്പിക്കരുത്

**ടി.പി അബ്ദുല്ലക്കോയ മദനി**
(പ്രസിഡന്റ്, കെ.എൻ.എം)

**മാറാട്** കലാപങ്ങളെ തുടർന്ന് വിവിധ വിഭാഗങ്ങൾ യോജിച്ച പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഭരണക്കാരും പ്രതിപക്ഷവും മതസംഘടനകളും ഗാന്ധിയൻ അഹിംസാ സിദ്ധാന്തക്കാരുമെല്ലാം ഒത്തുചേർന്നുകൊണ്ട് മനുഷ്യരക്തം സംരക്ഷിക്കാൻ വേണ്ടി പ്രവർത്തിച്ചിരുന്നു. അതിന് നല്ല ഫലങ്ങൾ ഉണ്ടാവുകയും ചെയ്തു. എന്നാൽ പിന്നീട് അതിന് തുടർച്ചയുണ്ടായില്ല.

ഇന്ന് ഇന്ത്യയിൽ മാത്രമല്ല ലോകമെമ്പാടും മനുഷ്യാവകാശ ലംഘനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ലോകത്ത് മനുഷ്യാവകാശ ലംഘനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന അമേരിക്കയാണ് ഇന്ത്യയിലെ മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് പറയുന്നത്.

മാറാട്ടെ മഹാഭൂരിപക്ഷം ജനങ്ങളും സങ്കുചിത വർഗീയതയുള്ളവരല്ല. മതസഹിഷ്ണുത പുലർത്താൻ ആഗ്രഹിക്കുന്നവരാണ്. നല്ലവരായ, ശുദ്ധമനസ്കരായ ആളുകളാണ്. ഒരു പറ്റം ആളുകൾ അവിടെ വഴിതെറ്റിക്കപ്പെടുകയാണുണ്ടായത്. മഅ്ദനിയെക്കുറിച്ചു പറയാൻ ഇന്ന് ധാരാളമാളുകളുണ്ട്.

എന്നാൽ നിരപരാധിയായി പ്രഖ്യാപിക്കപ്പെടും മുമ്പ് ജയിലിൽ കിടന്ന ദീർഘമായ കാലത്തെക്കുറിച്ച് ആരാണ് ചിന്തിക്കുന്നത്? ആർക്കെങ്കിലും ആ ശിക്ഷ തിരിച്ചെടുക്കാൻ കഴിയുമോ? ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത്. അപരാധി ശിക്ഷിക്കപ്പെടണം. ലോകത്ത് ധാരാളം നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു. അതിൽ വലിയൊരുഭാഗം നമ്മുടെ നാട്ടിലാണ്. ജയിലിലടക്കപ്പെട്ട പ്രതികൾ കുറ്റക്കാരാണോ അല്ലേ എന്നുപറയാൻ എന്താണു താമസം!

മാറാട് കേസിലെ പ്രതികളെ ദിവസവും ജയിലിൽനിന്ന് കോടതിയിലേക്കും തിരിച്ചും കൊണ്ടുപോകുന്നത് നാം നിരന്തരമായി കണ്ടുകൊണ്ടിരിക്കുന്നു. പക്ഷേ, നാം അതിനുനേരെ നിർവികാരരാണ്. കാണുന്നവർക്കൊന്നും അതിൽ വേദനയില്ല. നേരത്തെ മനുഷ്യരക്തം ചിന്തുന്നത് അവസാനിപ്പിക്കണം എന്ന് ഊന്നിപ്പറഞ്ഞ പോലെ ഇപ്പോൾ മനുഷ്യാവകാശം സംരക്ഷിക്കാനും നാം ഒന്നിച്ചുനിന്ന് പൊരുതണം. നിരപരാധികളെ അതിരില്ലാതെ ശിക്ഷിക്കുന്ന അവസ്ഥ തുടരരുത്. കേസിൽ എത്രയും പെട്ടെന്ന് തീർപ്പുണ്ടാകണം. ■